Draft #1 of File 32129/AD A1/1/2019/AD A 1 Approved by JOINT REGISTRAR IN CHARGE OF REGISTRAR on 27-Aug-2019 03:04 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 32129/AD A1/1/AD A 1/AD A 1 തീയതി: 27.08.2019

## സർക്കുലർ

വിഷയം:- 29.08.2019-ന് ഡിപ്പാർട്ട്മെൻറ് ലൈഫ് ലോങ്ങ് ലേണിംഗ് ആൻറ് എക്സ്റ്റൻഷനിൽ വെച്ച് നടത്തുന്ന സൗജന്യ പ്രമേഹ നിർണ്ണയ ക്യാമ്പിലും ജീവിത ശൈലീ രോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സിലും ജീവനക്കാർക്ക് പങ്കെടുക്കാൻ അനുവാദം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- ഫയൽ നം:31175/DLLE/2019-ലെ വൈസ് ചാൻസിലറുടെ 26.08.2019 തീയ്യതിയായ ഉത്തരവ് .

-------

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോങ്ങ് ലേണിംഗ് ആൻറ് എക്സ്റ്റൻഷൻ, ഏറ്റുമാനൂർ വിമലാ ഹോസ്പിറ്റൽ ജീവൻസ് ഡയബറ്റിക് & എൻഡോക്രൈൻ സെൻററുമായി സഹകരിച്ചുകൊണ്ട് 29.08.2019-ന് രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 2.00 മണി വരെ സംഘടിപ്പിക്കുന്ന സൗജന്യ പ്രമേഹരോഗ നിർണ്ണയ ക്യാമ്പിലും, ജീവിത ശൈലീ രോഗങ്ങളെക്കുറിച്ച് പ്രശസ്ത എൻഡോക്രൈനോളജിസ്റ്റ് ഡോ. ജീവൻ ജോസഫ്, ഉച്ചയ്ക്ക് 1.30-ന് നടത്തുന്ന ബോധവത്ക്കരണ ക്ലാസ്സിലും പങ്കെടുക്കുന്നതിന് ജീവനക്കാർക്ക് അനുവാദം നൽകിക്കൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

സ്ഥലം: ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോങ്ങ് ലേണിംഗ് ആൻറ് എക്സ്റ്റൻഷൻ (എട്ടുകെട്ട്).

വിവിധ ആവശ്യങ്ങൾക്കായി സർവ്വകലാശാലയിൽ എത്തുന്ന വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ പ്രസ്തുത ക്യാമ്പിലും ബോധവത്ക്കരണ ക്ലാസ്സിലും പങ്കെടുക്കുന്നതിന് ജീവനക്കാർ ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്

**സാബു തോമസ്**

രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ജോയിന്റ് രജിസ്ട്രാർ

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലർ /പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.
4. പി.ആർ.ഒ. /നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ